IX അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾ

(1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിഒന്നാമത് റിപ്പോർട്ട്

ശ്രീ. എം. എം. ഹസ്സൻ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തൊന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: പ്രമേയം അംഗീകരിച്ചിരിക്കുന്നു.

(2) അനൗദ്യോഗികാംഗങ്ങളുടെ ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയം സംബന്ധിച്ച ചർച്ച (തുടർച്ച)

(1) 1985-ലെ പൊൻമുടി ടീ എസ്റ്റേറ്റ് (പ്രൈവറ്റ്) ലിമിറ്റഡ് (സംരംഭങ്ങൾ വിലക്കെടുക്കൽ) ബിൽ

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ഞാൻ ഈ ബില്ലവതരിപ്പിച്ചുകൊണ്ട് കൂടുതൽ സംസാരിക്കണമെന്നാഗ്രഹിക്കുന്നില്ല. ഒരു മാനുഷിക പ്രശ്നമായിട്ട് ഞാനിത് സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തിയതാണ്. 500 തൊഴിലാളികളും അവരുടെ ആശ്രിതരായ രണ്ടായിരത്തോളം ആളുകളും അവിടെ മലമുകളിൽ തൊഴിലില്ലാതെ സാംക്രമിക രോഗങ്ങൾ പിടിപെട്ടു പട്ടിണിയിൽ കഴിയുകയാണ്. അതുപോലെതന്നെ തേയില വ്യവസായം രക്ഷപ്പെടണമെന്ന ആഗ്രഹവുമുണ്ട്. പതിനാറായിരം കിലോഗ്രാം തേയില ഉൽപാദിപ്പിക്കുന്ന ഈ തേയില തോട്ടവും അതിലെ തൊഴിലാളികളേയും സംരക്ഷിക്കുന്നതിനുവേണ്ടി കൊണ്ടുവന്ന ഒരു ബില്ലാണിത്. ഈ ബില്ലിൽ എന്തെങ്കിലും അപാകതകൾ ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എനിക്ക് യാതൊരു എതിരഭിപ്രായവുമില്ല. ഈ തൊഴിലാളികളേയും വ്യവസായത്തേയും സംരക്ഷിക്കണമെന്ന അഭിപ്രായം മാത്രമേയുള്ളൂ. അതുകൊണ്ട് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി യുക്തമെന്നു തോന്നുന്ന ഒരു നിർദ്ദേശം ഈ നിയമ നിർമ്മാണത്തിൽ കൊണ്ടുവന്നാൽ അതെനിക്ക് സ്വീകാര്യമാണ്. പ്രതിപക്ഷ കക്ഷിനേതാക്കൾമാരെല്ലാം തന്നെ ഈ തോട്ടം ഏറ്റെടുക്കണമെന്നു പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും സ്പീക്കർക്കും മെമ്മോറാണ്ടം കൊടുത്തിട്ടുണ്ട്. ഈ തോട്ടത്തിൽ ആർ. ആർ. നടപടികൾ എടുക്കാൻ നടപടിയെടുത്തുവരികയാണ്. അത് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. രണ്ട് കോടി എട്ട് ലക്ഷത്തിഅമ്പത്തോരായിരത്തിയിരുന്നൂററി മുപ്പത് രൂപ 98 നയാപൈസ സർക്കാരിന് പ്ലാന്റേഷൻ ടാക്സ്, ബെയിസിക് ടാക്സ്, അഗ്രികൾച്ചറൽ ഇൻകം ടാക്സ് എന്നീയിനത്തിൽ കുടിശ്ശിക അടയ്ക്കാനുണ്ടെന്ന് 1984 ആഗസ്റ്റ് 16-ാം തീയതിപരസ്യം പ്രസിദ്ധപ്പെടുത്തി. അതടച്ചില്ലെങ്കിൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുമെന്നാണ് തഹശീൽദാരുടെ പരസ്യത്തിൽ പറയുന്നത്. ഇതിനുപുറമേ തൊഴിലാളികൾക്ക് കൊടുത്ത ആനുകൂല്യങ്ങൾ തന്നെ 37 ലക്ഷം വേറെയുണ്ട്. ഇൻഡ്യൻ ബാങ്കിന് 11 ലക്ഷം കൊടുക്കാനുണ്ട്. ഇങ്ങനെ വിവിധ കടങ്ങൾ ഈ എസ്റ്റേറ്റിനുണ്ട്. എന്നാൽ മുതലാളിക്ക് ഒരു പൈസ പോലും മുതൽ മുടക്കില്ല. 5 ലക്ഷം രൂപ മാത്രം മുടക്കുള്ള ഈ തോട്ടത്തിന് അന്നുതന്നെ അഞ്ചര ലക്ഷം രൂപയും മറ്റൊരവസരത്തിൽ 6 ലക്ഷം രൂപയും അങ്ങനെ പതിനൊന്നര ലക്ഷം രൂപ ഇൻഡ്യൻ ബാങ്കിൽ നിന്ന് കടമെടുത്താണ് മുതലാളി ഈ തോട്ടം വാങ്ങിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

അന്നുതന്നെ ഒരു പൈസപോലും മുതൽമുടക്കില്ലാതെ തൊഴിലാളികളേയും ഗവൺമെൻറിനേയും വിവിധ കക്ഷികളേയുമൊക്കെ തന്നെ വഞ്ചിച്ചിരിക്കുകയാണ്. അതുകൊണ്ട് എനിക്ക് പറയാനുള്ളത്, ഒരു മാനുഷികപ്രശ്നം എന്നുള്ള നിലയിൽ ഈ തോട്ടം ഏറെടുക്കാൻ ഉള്ള നടപടി സർക്കാരിൻെറ ഭാഗത്ത് നിന്നുണ്ടാകണമെന്നാണ്. ഏതെങ്കിലും അപാകതകളുണ്ടെങ്കിൽ അത് പരിഹരിക്കാൻ മന്ത്രിയുടെ ഏത് നിർദ്ദേശവും ഞാൻ സ്വീകരിക്കുന്നതാണ്. ഈ ബില്ല് ചർച്ച ചെയ്യണമെന്നഭ്യർത്ഥിക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : സർ, ഈ ബില്ലിനെ ഞാൻ എതിർക്കുന്നു. ഈ ബില്ലിനെ എതിർക്കുന്നത് പൊൻമുടി തോട്ടം തൊഴിലാളികളം അനുഭവിക്കുന്ന പ്രശ്നങ്ങൾ വളരെ പെട്ടെന്ന് പരിഹരിക്കാൻ പറ്റാത്തതുകൊണ്ടാണ്. ഈ ബില്ല് പാസ്സാക്കിയതുകൊണ്ട് ആ പ്രശ്നം പരിഹരിക്കാൻ സാദ്ധ്യമല്ല. രണ്ട് കാര്യങ്ങളാണ് ഈ ബില്ലിനെ സംബന്ധിച്ച് പറയാനുള്ളത്. ഒന്നു വസ്തുതാപരവും മറെറാന്നു നിയമപരവും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 573 ഏക്കർ പ്ലാൻറ് ചെയ്ത സ്ഥലമാണുള്ളത്. അവിടെ 435 തൊഴിലാളികളുണ്ട്. 1972 മുതൽ ശ്രീ. കെ. പി. തോമസ് എന്ന് പറയുന്ന ആളിൻെറ ചുമതലയിലാണ്. അദ്ദേഹം ഇപ്പോഴും റിസീവറായി തുടരുകയാണ്. 17-3-1984 മുതൽ ഈ എസ്റേറാറ് ഏതാണ്ട് ഉപേക്ഷിച്ച അവസ്ഥയിലാണ് റിക്കാർഡുകളിൽ കാണുന്നത്. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ശമ്പള കുടിശ്ശിക, പ്രതിവാര ചെലവ് കാശ്, ശമ്പള ത്തോടുകൂടിയ അവധി, പ്രസവാനുകൂല്യം, ബോണസ് മുതലായവ നൽകിയിട്ടില്ല. പ്ലാൻേറഷൻ ലേബർ ആക്റ് ഈ സ്ഥാപനം പാലിച്ചിട്ടില്ലെന്ന് ആരോപണമുണ്ട്. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ തൊഴിലാളികൾക്ക് പ്രാതിനിധ്യമുള്ള കൺസിലിയേഷൻ കോൺഫറൻസ് വിളിച്ചുകൂട്ടിയെങ്കിലും ശമ്പള കുടിശ്ശിക നൽകാൻ പോലും മാനേജ്മെൻറിന് കഴിഞ്ഞില്ല. ഇതിനെല്ലാമുള്ള ഒരു പരിഹാരമായി ഈ ബില്ല് ഒരിക്കലും തന്നെ നടപ്പാക്കാൻ സാദ്ധ്യമല്ല. പ്ലാൻേറഷൻ ലേബർ വ്യവസ്ഥകൾ പാലിക്കാത്തതുകൊണ്ട് നെടുമങ്ങാട് ജൂഡീഷ്യൽ മജിസ്ട്രേറ് കോടതി മുമ്പാകെ മാനേജ്മെൻറിനെതിരെ രണ്ട് കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്.

സർ, ഐ.ഡി. ആക്റ് 33 (സി) വകുപ്പു അനുസരിച്ച് മാനേജുമെൻറിൽനിന്നും കുടിശ്ശിക ശമ്പളം ഈടാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ആരംഭിക്കുവാൻ തിരുവനന്തപുരം ജില്ലാ ലേബർ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു കൂടാതെ നികുതിയിനത്തിലും പ്രോവിഡൻറ് ഫണ്ട് ഇനത്തിലും മറ്റും ഗവൺമെൻറിലേക്ക് അടയ്ക്കാനുള്ള തുക ഈടാക്കുന്നതിലേക്കായി റവന്യൂ റെക്കവറി പ്രൊസീഡിംഗ്സ് നടത്തി. റവന്യൂ റെക്കവറി പ്രൊസീഡിംഗ്സ് പ്രകാരം 12-6-1984-ന് പരസ്യലേലം ചെയ്യുന്നതിനായി ബന്ധപ്പെട്ട തഹശീൽദാർ നടപടിയെടുത്തെങ്കിലും ഉടമസ്ഥനായ ശ്രീ. തോമസ് ലേലം നടത്തുന്നത് തടയാനായി ഹൈക്കോടതിയിൽ നിന്നും ഒരു സ്റേ വാങ്ങി; 12-6-1984-ന് എസ്റോറാറ് ഓക്ഷൻ ചെയ്യുന്നതു തടഞ്ഞു കൊണ്ട് ഹൈക്കോടതി സ്റേ ഓർഡർ പുറപ്പെടുവിക്കുകയും ചെയ്തു. ഇപ്പോഴും കേസ് ഹൈക്കോടതിയിലാണ്. ഗവൺമെൻറ് ഇക്കാര്യത്തിൽ ചെയ്യാവുന്നതെല്ലാം ചെയ്തിട്ടുണ്ട്. ഇൻഡ്യൻ ബാങ്കും ഇവരും തമ്മിലുള്ള ഇടപാടു പ്രകാരം ഇൻഡ്യൻ ബാങ്ക് സുപ്രീം കോടതിയെ സമീപിച്ച് ഡിക്രീറൽ ഓർഡർ സമ്പാദിക്കുകയുണ്ടായി. അതു പ്രകാരം 200 ഏക്കർ കൃഷി ചെയ്യാത്ത തരിശു ഭൂമി അവർക്കു ആ പണം ഈടാക്കാനായി, 5 ലക്ഷം രൂപയാണ്, അതിപ്പോൾ 7 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്, അവർക്ക് വിട്ടു കൊടുക്കണമെന്ന് സുപ്രീം കോടതി ഓർഡർ കൊടുത്തു. പക്ഷേ ആ ഓർഡർ നടപ്പിലാക്കാൻ പ്രയാസമായി. കാരണം 200 ഏക്കർ ഭൂമി 1971-ൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രൈവറ്റ് ഫോറസ്റ്റ് നാഷണലൈസേഷൻ ആക്ട് പ്രകാരം ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ അയച്ച് കഴിഞ്ഞുവെന്ന് ഫോറസ്റ്റു ഡിപ്പാർട്ടുമെന്റ് ചുണ്ടിക്കാണിച്ചു. ഇതിനെതുടർന്ന് സംസ്ഥാനഗവൺമെന്റിന്റെ സുപ്രീം കോടതിയിലെ അഭിഭാഷകനോട് 11-7-1985-ൽ തന്നെ ഇത് സംബന്ധിച്ച് സുപ്രീംകോടതിയുടെ ശ്രദ്ധ ക്ഷണിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ഇതാണ് വസ്തുതാപരമായ ഇതിന്റെ പ്രശ്നം.

അതേ അവസരം നിയമപരമായ ഇതിനുള്ള പ്രശ്നം ബഹുമാനപ്പെട്ട മെമ്പർ കൊണ്ടു വന്നിട്ടുള്ള ബില്ലിൽ എസ്റ്റേറ്റ് ഏറ്റെടുക്കുമ്പോൾ നഷ്ട പരിഹാരം നൽകാൻ അഞ്ച് ലക്ഷം രൂപയാണു വക കൊള്ളിച്ചിട്ടുള്ളത്. സുപ്രീംകോടതിയുടേതടക്കമുള്ള പുതിയ തീരുമാനപ്രകാരം എന്തെങ്കിലുമൊന്ന് അകപയർ ചെയ്യുമ്പോൾ അതൊരുഇല്ല്യൂഷണറി മാത്രമായാൽ പോരാ ആഡിക്വേറ്റ് കോമ്പൻസേഷൻ ആയിരിക്കണം. 500-ൽ ചില്വാനം ഏക്കർ ഭൂമി ഗവൺമെന്റിലേക്ക് വെസ്റ്റ് ചെയ്യുമ്പോൾ 5 ലക്ഷം രൂപ മാത്രം എന്നുള്ളത് ഒരിക്കലും തന്നെ നിയമപരമായി നിലനില്ക്കത്തക്കതല്ല.

മറെറാന്ന് ഇതിനുള്ള ഒരു വകുപ്പ് പ്രകാരം ഇത് ഗവൺമെന്റിലേക്ക് വെസ്റ്റു ചെയ്യുമ്പോൾ തൊഴിലാളികളുടെ അവകാശത്തെപ്പറ്റി ഒന്നും തന്നെ പറയുന്നില്ല. അതു ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിലെ 25 F. F. വകുപ്പിനു വിരുദ്ധമാണ്. ഈ നിയമം നടപ്പിലാക്കുകയാണെങ്കിൽ അത് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിലെ 25 F. F. വകുപ്പു പ്രകാരം ഒരിക്കലും നിലനില്ക്കുകയില്ല.

പാർലമെന്റ് പാസ്സാക്കിയിട്ടുള്ള ഒരു നിയമത്തിനു വിരുദ്ധമായി സംസ്ഥാനഗവൺമെന്റ് അസംബ്ലിയിലൊരു നിയമം പാസ്സാക്കുകയാണെങ്കിൽ തന്നെ അതിന് ഇൻഡ്യൻ പ്രസിഡൻറിന്റെ അനുമതി ആർട്ടിക്കിൾ 254 (2) പ്രകാരം മുൻകൂട്ടി വാങ്ങേണ്ടതാണ്. അതു വാങ്ങിയിട്ടില്ലെങ്കിൽ അതിന് നിയമപരമായ സാധുതയില്ല. കമ്പിനികളുടെ സ്വത്തുക്കളും ബാദ്ധ്യതകളും സംബന്ധിച്ചുള്ള വിശദമായ വിവരങ്ങളാണെങ്കിൽ അറിവായിട്ടില്ല. അതു പോലെതന്നെ എസ്റ്റേറ്റ് ഗവൺമെന്റ് ഏറ്റെടുക്കുന്നതു സംബന്ധിച്ച് മറ്റ് പല നടപടികളും എടുക്കണം. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പറുടെ ഈ ബില്ല് പാസ്സാക്കുകയാണെങ്കിൽ ഇതു നടപ്പിലാക്കാവുന്നതല്ല.....

മി. സിപീക്കർ.—അങ്ങേയ്ക്ക് പിന്നീട് വിശദീകരണം തുടരാം.

2. 1985-ലെ മോട്ടോർ വാഹന (കേരള ഭേദഗതി) ബിൽ

ശ്രീ. എം. വി. രാഘവൻ : സർ, 1939-ലെ മോട്ടോർ വെഹിക്കിൾസ് ആക്ടിനുള്ള രണ്ട് മൂന്ന് അമൻറ്മെൻറ് ആണ് ഞാൻ കൊണ്ടു വന്നത്. കേരളത്തിലെ ഇന്നത്തെ സാഹചര്യത്തിൽ ഈ അമൻറ്മെൻറ് സ്വീകരിക്കുന്നതിൽ മന്ത്രിക്ക് തടസ്സം ഉണ്ടാവുകയില്ലായെന്നാണ് വിചാരിക്കുന്നത്. 1939-ലെ എം. വി. ആക്ട് ഭേദഗതി വരുത്താൻ സംസ്ഥാന നിയമസഭയ്ക്ക് അധികാരമുണ്ട്. കാരണം ഇത് രേണഘടനയിലെ കൺകറൻറ് ലിസ്റ്റിൽ പെട്ടതാണ്. അതുകൊണ്ടുതന്നെ സ്റ്റേറ്റ് ഗവൺമെൻറിനും സെൻട്രൽ ഗവൺമെൻറിനും നിയമനിർമ്മാണം നടത്താൻ ഒപ്പം അധികാരമുണ്ട്. അതു കൊണ്ട നിയമപ്രകാരം തടസ്സമില്ല. ഇതിൽ വലിയ അഭിപ്രായ വ്യത്യാസം സർക്കാരിന് ഉണ്ടാകേണ്ടതില്ല.

LIBRARY ARCHIVES Kerala Legislative Assembly